## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2878** **18.06.2019 ൽ മറുപടിക്ക്**

### പൂഞ്ഞാർ മണ്ഡലത്തിലെ റോഡ് നവീകരണ പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2017-18 ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി (ജി.ഒ (ആർ.റ്റി) No.942/2017/പി.ഡബ്ല്യൂ.ഡി. തീയതി 10/7/17) അനുവദിച്ച അരുവിത്തുറ- ഭരണങ്ങാനം, വിലങ്ങുപാറ- തിടനാട്- പാറത്തോട്, ഈരാറ്റുപേട്ട- പൂഞ്ഞാർ- ചോറ്റി എന്നീ റോഡ് നവീകരണ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) അരുവിത്തുറ – ഭരണങ്ങാനം റോഡിന്റെ ഡി.പി.ആർ സാമ്പത്തികാംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. വിലങ്ങുപാറ - പാറത്തോട്, ഈരാറ്റുപേട്ട - പൂഞ്ഞാർ റോഡ് എന്നീ പ്രവൃത്തികളുടെ ഡിപിആർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന റോഡുകൾക്ക് പത്ത് മീറ്റർ വീതി നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) കിഫ്ബി മാനദണ്ഡങ്ങൾ അനുസരിച്ച് റോഡുകൾക്ക് 5.5 മീറ്റർ വീതിയിൽ ടാറിട്ട പാതയും, ഇരു വശത്തും 0.75 മീറ്റർ വീതിയിൽ പേവ്ഡ് ഷോൾഡറും (ie 0.75m x 2), ഓടയും നടപ്പാതയും യൂട്ടിലിറ്റികൾക്കുമായി 1.5 മീറ്ററും (ie 1.5m x 2) ഉൾപ്പെടെ കുറഞ്ഞത് 10 മീറ്റർ വീതി നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) പത്ത് മീറ്റർ വീതി ലഭ്യമല്ലാത്ത റോഡുകൾക്ക് മറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുമോ; വിശദമാക്കാമോ? | (സി) 10 മീറ്റർ വീതി ലഭ്യമല്ലാത്ത പൊതു മരാമത്ത് റോഡുകൾക്ക് ബഡ്ജറ്റ് അലോക്കേഷൻ അനുസരിച്ച് തുക അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ